**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5840** **08-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശുചീകരണ പ്രവൃത്തികൾക്കായി അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഴക്കാല ശുചീകരണ പ്രവൃത്തികൾക്കും രോഗപ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എത്ര രൂപയാണ് അനുവദിച്ചതെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട് എന്നതും സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | (പട്ടിക താഴെ) |
| (ബി) | ശുചീകരണ പ്രവൃത്തികളുടെയും രോഗപ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെയും നടത്തിപ്പിൽ വന്ന വീഴ്ച കൊണ്ടാണോ മലപ്പുറം ജില്ലയിൽ അടക്കം മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള രോഗങ്ങൾ ക്രമാതീതമായി വർദ്ധിച്ചത്; വിശദമാക്കാമോ; | (ബി) | ശുചീകരണ പ്രവൃത്തികളുടെയും രോഗപ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെയും ആരോഗ്യവകുപ്പിന്റെ നടത്തിപ്പിൽ വന്ന വീഴ്ച കൊണ്ടല്ല മലപ്പുറം ജില്ലയിൽ അടക്കം മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള രോഗങ്ങൾ ക്രമാതീതമായി വർദ്ധിച്ചത്. 2024 വർഷത്തിലേക്കുള്ള ആരോഗ്യജാഗ്രതാ കലണ്ടർ വർഷാരംഭത്തിൽ തന്നെ പ്രസിദ്ധീകരിച്ചു. എല്ലാ ജില്ലാകളിലും കലണ്ടർ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>എല്ലാ മാസവും, മൂന്നാമത്തെ ചൊവ്വാഴ്ച ദിവസം Healthy Kerala പരിപാടിയുടെ ഭാഗമായി ഭക്ഷണസ്ഥാപനങ്ങളുടെയും മറ്റു |

(എ) ഉത്തരം:

| ജില്ല | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|
| തിരുവനന്തപുരം | 25509875 | 23179202 | 2330673 |
| കൊല്ലം | 19096290 | 17686320 | 1409970 |
| പത്തനംതിട്ട | 8701300 | 7617800 | 1083500 |
| ആലപ്പുഴ | 23631000 | 19007000 | 4624000 |
| കോട്ടയം | 19649450 | 17043500 | 2605950 |
| ഇടുക്കി | 9515000 | 6573826 | 2941174 |
| എറണാകുളം | 172369700 | 27984029 | 144385671 |
| തൃശ്ശൂർ | 33666000 | 20452997 | 13213003 |
| പാലക്കാട് | 12790020 | 11239598 | 1550422 |
| മലപ്പുറം | 22290048 | 17395358 | 4894690 |
| കോഴിക്കോട് | 25732955 | 17903809 | 7829146 |
| വയനാട് | 5666000 | 3049205 | 2616795 |
| കണ്ണൂർ | 19667665 | 15466957 | 4200708 |
| കാസർഗോഡ് | 9395000 | 8638250 | 756750 |

പൊതുഇടങ്ങളിലുമുള്ള പരിശോധനകൾ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നു

എല്ലാ ആഴ്ച്ചയിലും ജില്ലാ സർവെയിലൻസ് ഓഫീസർമാരുടെ അവലോകന യോഗം കൃത്യമായി നടന്നു വരുന്നു. അവലോകനയോഗത്തിൽ ഓരോ ജില്ലയിലെയും കേസുകളുടെ നിരക്കും സാന്ദ്രതയും അവലോകനം ചെയ്തു തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

വേനൽക്കാലത്ത് ജല ലഭ്യത കുറയുന്ന സാഹചര്യത്തിൽ ജലജന്യരോഗങ്ങൾ പ്രതിരോധിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ആരോഗ്യ പ്രവർത്തകർക്കും വിവിധ മാദ്ധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്കും നൽകി.

ജില്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് വേണ്ടി സ്റ്റേറ്റ് ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ട് മുഖേന പകർച്ചവ്യാധികളെ പറ്റി online പരിശീലനങ്ങൾ നടന്നു വരുന്നു.

2024 ഫെബ്രുവരി 14 മുതൽ 28 വരെ വയറിളക്കരോഗങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി Integrated Diarrhoea Control Fortnight ആചരിച്ചു.

ORS, Doxycycline, Bleaching Powder തുടങ്ങിയവയുടെ സ്റ്റോക്ക് എല്ലാ സ്ഥാപനങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്

തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്നതിനുള്ള വിമുഖത, ക്ലോറിനേഷൻ ചെയ്യുന്നതിനുള്ള എതിർപ്പ് എന്നിവ രോഗം പടരുന്നതിന് ആക്കംകൂട്ടുന്ന കാരണങ്ങളാണ്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു.

1) ജില്ലയിലെ എല്ലാ പഞ്ചായത്തിലും, മുനിസിപ്പാലിറ്റികളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

2) മഞ്ഞപ്പിത്തം രോഗം റിപ്പോർട്ട് ചെയ്ത എല്ലാ സ്ഥലങ്ങളിലും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

3) രോഗികൾക്ക് ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്.

4) രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ ഫീൽഡിൽ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

5) മൈക്ക് അനൗൺസ്മെന്റ് ഉൾപ്പെടെയുള്ള ബോധവൽക്കരണ പ്രവത്തനങ്ങൾ നടത്തി. വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ എന്നിവർ ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | മലപ്പുറം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശുചീകരണ പ്രവൃത്തികൾക്കായി അനുവദിച്ച തുകയും ഇത് പ്രകാരം നടത്തിയ പ്രവൃത്തികളും വ്യക്തമാക്കുമോ; അനുവദിച്ച തുകയിൽ വിനിയോഗിച്ച തുക എത്രയാണെന്നും വിനിയോഗിക്കാൻ ശേഷിക്കുന്ന തുക എത്രയാണെന്നതും സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ? | (സി) | അനുവദിച്ച തുക - 22290048<br><br>ചിലവഴിച്ച തുക - 17395358<br><br>ബാക്കി തുക - 4894690<br><br>**നടത്തിയ പ്രവൃത്തികൾ -**<br><br>**വാർഡ് തല ശുചീകരണം , ഓട വൃത്തിയാക്കൽ , ഉറവിട നശീകരണ പ്രവൃത്തികൾ , കിണർ ക്ലോറിനേഷൻ , മാലിന്യം നീക്കം ചെയ്യൽ , പൊതു സ്ഥലങ്ങളിലെ ശുചീകരണം , തോട് വൃത്തിയാക്കൽ ഫോഗ്ഗിംഗ്, ജലാശയ ശുചീകരണം എന്നിവയാണ്.** |

സെക്ഷൻ ഓഫീസർ